"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**<u>സംഗ്രഹം</u>**

തദ്ദേശസ്വയംഭരണ വകുപ്പ് - കേരളത്തിൽ പാഴ് വസ്തു വ്യാപാരമേഖലയിൽ പ്രവർത്തിക്കുന്ന വ്യാപാരികളുടെ (Scrap Dealers) രജിസ്ട്രേഷൻ നടപടികളുടെ ഭാഗമായി പോലീസ് ക്ലിയറൻസ് ലഭ്യമാക്കുന്നതിന് പാഴ് വസ്തു വ്യാപാരികളിൽ നിന്ന് പോലീസ് വെരിഫിക്കേഷൻ ഫീസ് ആയ 525/- രൂപ ഈടാക്കി ആ തുക പോലീസ് വകുപ്പിൽ അടയ്ക്കുന്നതിന് ശുചിത്വ മിഷന് അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

**തദ്ദേശ സ്വയം ഭരണ (ഡി.സി)വകുപ്പ്**

**G.O.(Rt)No.2299/2019/LSGD** തീയതി,തിരുവനന്തപുരം, 19/10/2019

പരാമർശം:- 1 ശുചിത്വ മിഷൻ എക്സിക്യൂട്ടീവ് കമ്മിറ്റിയുടെ ഇരുപത്തിരണ്ടാമത് യോഗത്തിലെ തീരുമാനം

2 ശുചിത്വ മിഷൻ എക്സിക്യൂട്ടീവ് ഡയറക്ടറുടെ 02.08.2019- ലെ 3128/D1/2015/SMനമ്പർ കത്ത്

**<u>ഉത്തരവ്</u>**

കേന്ദ്ര വനവും പരിസ്ഥിതിയും കാലാവസ്ഥാ വ്യതിയാനവും മന്ത്രാലയം പുറപ്പെടുവിച്ചിട്ടുള്ള 2016-ലെ പ്ലാസ്റ്റിക് വേസ്റ്റ് മാനേജ്മെന്റ് റൂൾസിലെ, റൂൾ 11(c) പ്രകാരം അസംഘടിത മേഖലയിലെ പാഴ് വസ്തു വ്യാപാരികളെ സംഘടിപ്പിച്ച് മാലിന്യ പരിപാലനത്തിന്റെ മുഖ്യധാര പരിപാടികളിൽ സഹകരിപ്പിക്കണമെന്ന് നിഷ്കർഷിച്ചിട്ടുണ്ട്. കേരളത്തിൽ പാഴ് വസ്തു വ്യാപാരമേഖലയിൽ പ്രവർത്തിക്കുന്ന വ്യാപാരികൾ (Scrap Dealers), പാഴ് വസ്തു ശേഖരിക്കുന്നവർ (Rag Pickers) എന്നിവർക്ക് രജിസ്ട്രേഷൻ നൽകുന്നതിനും ഐ.ഡി കാർഡ് നൽകി സർക്കാരിന്റെ മാലിന്യ സംസ്കരണ പദ്ധതികളുടെ ഭാഗമാക്കുന്നതിനും പരാമർശം (1) പ്രകാരം തീരുമാനിച്ചിരുന്നു. സംസ്ഥാന സർക്കാർ നടപ്പിലാക്കി വരുന്ന ഹരിത കേരളം - ശുചിത്വ മാലിന്യ സംസ്കരണ ഉപമിഷന്റെ ഭാഗമായി തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ പ്ലാസ്റ്റിക്ക് മാലിന്യ - ശേഖരണ - സംസ്കരണ പദ്ധതികളിലും തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ നടത്തി വരുന്ന ശുചിത്വ യജ്ഞങ്ങളിലൂടെ ലഭിക്കുന്ന എല്ലാത്തരത്തിലുള്ള അജൈവ മാലിന്യങ്ങളും നീക്കം ചെയ്യുന്നതിനും പാഴ് വസ്തു വ്യാപാരികളുടെ സഹകരണം അത്യന്താപേക്ഷിതമാണ്.

2. കേരളത്തിൽ പാഴ് വസ്തു വ്യാപാരമേഖലയിൽ പ്രവർത്തിക്കുന്ന വ്യാപാരികൾ, പാഴ് വസ്തു ശേഖരിക്കുന്നവർ എന്നിവർക്കുള്ള രജിസ്ട്രേഷൻ നടപടികൾ പൂർത്തീകരിച്ച് ലിസ്റ്റ് തയാറാക്കി ഐ.ഡി.കാർഡ് വിതരണത്തിന്റെ മുന്നോടിയായി ഇത്തരം വ്യക്തികളുടെ പോലീസ് ക്ലിയറൻസ് ലഭിക്കുന്നതിന് അതാത് ജില്ലാ ശുചിത്വ മിഷൻ കോ-ഓർഡിനേറ്റർമാർ ജില്ലാ പോലീസ് മേധാവികൾക്ക് അപേക്ഷ സമർപ്പിച്ചിരുന്നു. എന്നാൽ പോലീസ് ക്ലിയറൻസ്

ലഭിക്കുന്നതിന് 525/- രൂപ വെരിഫിക്കേഷൻ ഫീസ് ആയി അടയ്ക്കണമെന്ന് കൊല്ലം ജില്ലാ പോലീസ് മേധാവിയും സംസ്ഥാന പോലീസ് മേധാവിയും അറിയിച്ചിട്ടുള്ള സാഹചര്യത്തിൽ ഇപ്രകാരം ഫീസ് അടയ്ക്കേണ്ടി വന്നാൽ പാഴ് വസ്തു വ്യാപാരമേഖലയിൽ പ്രവർത്തിക്കുന്ന 3 ലക്ഷത്തോളം പേർക്ക് ഏകദേശം 16 കോടി രൂപ ഫീസ് ഇനത്തിൽ ശുചിത്വ മിഷൻ അടയ്ക്കേണ്ടി വരുമെന്നും ആയത് ഒഴിവാക്കുന്നതിന് നടപടി സ്വീകരിക്കണമെന്നും ശുചിത്വ മിഷൻ എക്സിക്യൂട്ടീവ് ഡയറക്ടർ പരാമർശം (2) പ്രകാരം ആവശ്യപ്പെട്ടിരുന്നു .

3. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. കേരളത്തിൽ പാഴ് വസ്തു വ്യാപാരമേഖലയിൽ പ്രവർത്തിക്കുന്ന വ്യാപാരികളുടെ (Scrap Dealers) മേൽപ്പറഞ്ഞ രജിസ്ട്രേഷൻ നടപടികളുടെ ഭാഗമായി പോലീസ് ക്ലിയറൻസ് ലഭ്യമാക്കുന്നതിന് പാഴ് വസ്തു വ്യാപാരികളിൽ നിന്ന് പോലീസ് വെരിഫിക്കേഷൻ ഫീസ് ആയ 525/- രൂപ ഈടാക്കി ആ തുക പോലീസ് വകുപ്പിൽ അടയ്ക്കുന്നതിന് ശുചിത്വ മിഷന് അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

4. പാഴ് വസ്തു ശേഖരിക്കുന്നവർക്ക് (Rag Pickers) ഐ.ഡി.കാർഡ് നൽകുന്നതിനായി ശുചിത്വ മിഷനിൽ നിലവിൽ രജിസ്റ്റർ ചെയ്തിട്ടുള്ളവരുടെ പോലീസ് വെരിഫിക്കേഷൻ ഫീസ് അടയ്ക്കുന്നതിലേക്കായി വേണ്ടി വരുന്ന ആകെ തുക കണക്കാക്കി ശുചിത്വ മിഷൻ റിപ്പോർട്ട് സമർപ്പിക്കേണ്ടതാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
MINI MOL D
JOINT SECRETARY

എക്സിക്യൂട്ടീവ് ഡയറക്ടർ, ശുചിത്വ മിഷൻ, തിരുവനന്തപുരം
സംസ്ഥാന പോലീസ് മേധാവി, തിരുവനന്തപുരം
പഞ്ചായത്ത് ഡയറക്ടർ,തിരുവനന്തപുരം
നഗരകാര്യ ഡയറക്ടർ,തിരുവനന്തപുരം
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്/എ&ഇ) കേരള, തിരുവനന്തപുരം
എക്സിക്യൂട്ടീവ് ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം
ഡയറക്ടർ, ഐ&പി.ആർ.ഡി/ വെബ് & ന്യൂ മീഡിയ, തിരുവനന്തപുരം
കരുതൽ ഫയൽ/ ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം
Signature Not Verified
Digitally signed by SMITHA B CHANDRA
Date: 2019.10.21 11:19:05 IST
Reason: Approved
സെക്ഷൻ ഓഫീസർ

പകർപ്പ്-

തദ്ദേശ സ്വയം ഭരണ വകുപ്പ് മന്ത്രിയുടെ പി എസ്-ന്
തദ്ദേശ സ്വയം ഭരണ വകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറിയുടെ പി.എ.യ്ക്ക്
തദ്ദേശ സ്വയം ഭരണ വകുപ്പ് സ്പെഷ്യൽ സെക്രട്ടറിയുടെ സി.എ യ്ക്ക്